**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണനിരക്ക് നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മരണങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി സംസ്ഥാന തലത്തിൽ ഡെത്ത് ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിരുന്നോ; പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെട്ടിരിക്കുന്നവർ ആരൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ലോകാരോഗ്യസംഘടനയുടെയും ICMR ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ച് വരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിങ്ങ് പോർട്ടലിലൂടെയാണ് അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ, ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും, ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും, പിന്നീട് സംസ്ഥാന തലത്തിൽ ഇത് ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയും ആണ് ചെയ്യുന്നത്. തത്സമയ എൻട്രി സംവിധാനമാണ് ഇതിലുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. ഏതു ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടുത്തെ ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇതുകൂടാതെ പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനായി 2019 ൽ സംസ്ഥാന തലത്തിൽ രൂപീകരിക്കപ്പെട്ട ഡെത്ത് ഓഡിറ്റ് കമ്മിറ്റി കോവിഡ് മരണങ്ങളുടെ ഓഡിറ്റ് നടത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയിലെ നിലവിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) ഡോ. സെൽവരാജൻ ചെട്ടിയാർ കെ.പി., അസോസിയേറ്റ് പ്രൊഫസർ, ജനറൽ മെഡിസിൻ, ഗവ മെഡിക്കൽ കോളേജ് തിരുവനന്തപുരം. 2) ഡോ. ഷീജ സുഗുണൻ, അസിസ്റ്റന്റ് പ്രൊഫസർ, പീഡിയാട്രിക്ക്, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം 3) ഡോ. ജ്യോതി.ആർ, അസോസിയേറ്റ് പ്രൊഫസർ, മൈക്രോബയോളജി, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം 4) ഡോ.ടോണി ലോറൻസ്, അസോസിയേറ്റ് പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ & ഇൻ ചാർജ് ഓഫ് എസ്.പി.ഇ. ഐ.ഡി. സെൽ ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം 5) ഡോ.ഷീല.എസ്. അസിസ്റ്റന്റ് ഡയറക്ടർ, പൊതുജനാരോഗ്യം 6) ഡോ. ശ്യാം സുന്ദർ, മെഡിസിൻ കൺസൾട്ടന്റ്, ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം 7) ഡോ. ബെന്നറ്റ് സൈലം, പീഡിയാട്രിക്ക് കൺസൾട്ടന്റ് W&C ആശുപത്രി, തൈക്കാട്. 8) ഡോ.രേണുക, മൈക്രോബയോളജിസ്റ്റ്, സ്റ്റേറ്റ് PH ലാബ്, തിരുവനന്തപുരം. 9) ഡോ. സിന്ധു ശ്രീധരൻ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, പബ്ലിക് ഹെൽത്ത്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| (ബി) | മരണ കാരണം സാക്ഷ്യപ്പെടുത്തുവാനുള്ള അധികാരം ചികിത്സിച്ച ഡോക്ടർക്കാണെന്നിരിക്കെ ഇങ്ങനെയൊരു സമിതിയെ നിയോഗിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മരണകാരണം രേഖപ്പെടുത്തുന്നത് ചികിത്സിച്ച ഡോക്ടർമാർ തന്നെയാണ്. ഡെത്ത് റിപ്പോർട്ടിംഗ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനു മുൻപ് ആശുപത്രികളിൽ നിന്ന് ജില്ലാ തലത്തിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണങ്ങൾ ജില്ലാ തലത്തിൽ പരിശോധിച്ച് സംസ്ഥാനതലത്തിലേക്ക് അറിയിക്കുകയും സംസ്ഥാനതലത്തിൽ ഡിക്ലയർ ചെയ്യുകയുമാണ് ചെയ്തുപോന്നിരുന്നത്. എന്നാൽ സംസ്ഥാനതലത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഡെത്ത് ഓഡിറ്റ് സമിതി ഓരോ പകർച്ചവ്യാധി മരണങ്ങളും വിശകലനം ചെയ്ത് മരണത്തിലേക്ക് |

| | | | |
|---|---|---|---|
| | | | നയിച്ച കാരണങ്ങളും / ഘടകങ്ങളും കണ്ടെത്തുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. |
| (സി) | മരണനിരക്ക് തെറ്റായി നിർണ്ണയിയ്ക്കുന്നത് കോവിഡ് രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (സി) | കോവിഡ് മരണങ്ങൾ WHO / ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് റിപ്പോർട്ട് ചെയ്യുന്നത്. മരണനിരക്ക് തെറ്റായി നിർണ്ണയിക്കപ്പെടുന്നില്ല. കോവിഡ് മരണങ്ങൾ manual ആയി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഓൺലൈൻ റിപ്പോർട്ടിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയത്. ഇത്തരത്തിൽ വികേന്ദ്രീകൃത തത്സമയ റിപ്പോർട്ടിങ്ങിലൂടെ മുൻപുണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ കഴിയും. കൂടാതെ 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. |
| (ഡി) | കോവിഡ് മരണനിരക്ക് കുറച്ചു കാണിച്ചതിലൂടെ സുപ്രീം കോടതി നിർദ്ദേശിച്ച ധനസഹായം അർഹരായ കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | കോവിഡ് രോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | കോവിഡ് മരണ നിരക്ക് നിർണ്ണയിച്ചതിലുണ്ടായതായി പറയപ്പെടുന്ന പിഴവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | കോവിഡ് മരണങ്ങൾ WHO / ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് റിപ്പോർട്ട് ചെയ്യുന്നത്. മരണനിരക്ക് തെറ്റായി നിർണ്ണയിക്കപ്പെടുന്നില്ല. കോവിഡ് മരണങ്ങൾ manual ആയി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഓൺലൈൻ റിപ്പോർട്ടിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയത്. ഇത്തരത്തിൽ വികേന്ദ്രീകൃത തത്സമയ റിപ്പോർട്ടിങ്ങിലൂടെ മുൻപുണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ കഴിയും. കൂടാതെ 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ